"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ജയിലുകൾ - സംസ്ഥാനത്തെ ജയിൽ അന്തേവാസികളുടെ വേതനം പരിഷ്കരിച്ച് ഉത്തരവാകുന്നു.

---

**ആഭ്യന്തര (ബി) വകുപ്പ്**

സ.ഉ.(കൈ) നം.5/2026/HOME തീയതി,തിരുവനന്തപുരം, 09-01-2026

---

പരാമർശം:-

1. 17.05.2018 ലെ സ.ഉ(കൈ.)നം.87/2018/ആഭ്യന്തരം നമ്പർ ഉത്തരവ് .
2. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ 29.01.2024, 28.02.2024, 02.04.2024, 25.01.2025 തീയതികളിലെ WP1-2420/2024/PrHQ നമ്പർ കത്തുകൾ.

**ഉത്തരവ്**

സംസ്ഥാനത്തെ ജയിലുകളിലെ അന്തേവാസികളുടെ വേതനം പരാമർശം (1) ലെ ഉത്തരവ് പ്രകാരം 2018 ൽ പരിഷ്കരിക്കരിക്കുകയുണ്ടായി . ജയിൽ അന്തേവാസികളുടെ വേതനം പരിഷ്കരിക്കേണ്ടത് അത്യാവശ്യമാണെന്നും, മറ്റു സംസ്ഥാനങ്ങളിൽ ഇതിനകം വേതനപരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടെന്നും, കേരളത്തിലെ തടവുകാരുടെ വേതനം കഴിഞ്ഞ ഏഴ് വർഷമായി പരിഷ്കരിക്കപ്പെടാത്ത സാഹചര്യത്തിൽ കാലോചിതമായ വർധനവ് വരുത്താവുന്നതാണെന്നും, തടവുകാരുടെ മനുഷ്യാവകാശം സംരക്ഷിക്കുന്നതിനും ശിക്ഷാകാലാവധി കഴിഞ്ഞ ശേഷം അവർക്ക് സമൂഹത്തിൽ മാന്യമായി ജീവിക്കാനുള്ള സമ്പാദ്യം ഉറപ്പാക്കുന്നതിനും ഈ വർധനവ് അനിവാര്യമാണെന്നും ചൂണ്ടിക്കാട്ടി ജയിൽ മേധാവി പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു.

2. നിലവിൽ സംസ്ഥാനത്തെ ജയിലുകളിൽ ആറ് വ്യത്യസ്ത വേതന ഘടനകളാണ് നിലവിലുള്ളത്. രാജ്യത്തെ ജയിലുകളിൽ പൊതുവെ സ്കിൽഡ്, സെമി-സ്കിൽഡ്, അൺ-സ്കിൽഡ് എന്നിങ്ങനെ മൂന്ന് തരത്തിലുള്ള വേതന ഘടനകളാണ് പ്രാബല്യത്തിലുള്ളത്. കൂടാതെ, കർണാടക, ജാർഖണ്ഡ്, തമിഴ്നാട്, ഡൽഹി എന്നിങ്ങനെ മറ്റ് പല സംസ്ഥാനങ്ങളിലെ വേതനനിരക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിൽ ജയിൽ അന്തേവാസികൾക്ക് നിലവിൽ നൽകിവരുന്ന വേതനം വളരെ കുറവുമാണ്.

3. Sukanya Shantha Vs. Union of India (Writ Petition (C) No. 1404 of 2023) കേസിൽ ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച 03.10.2024 തീയതിയിലെ വിധിന്യായത്തിൽ ജയിലിൽ തൊഴിൽ ചെയ്യുന്ന എല്ലാ തടവുകാർക്കും-കഠിനതടവിന് വിധിക്കപ്പെട്ടവരടക്കം-ന്യായമായ വേതനം

നൽകണമെന്നത് ഭരണഘടനാപരമായ തത്ത്വമാണെന്നും വേതനനിർണ്ണയം മാനുഷികവും യുക്തിസഹവുമായ മാനദണ്ഡങ്ങളിൽ അധിഷ്ഠിതമായിരിക്കണമെന്നും ബഹു. സുപ്രീം കോടതി അഭിപ്രായപ്പെട്ടിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ജയിൽ അന്തേവാസികളുടെ വേതനവർധനവ് കേവലം ഒരു സാമ്പത്തികവിഷയം മാത്രമല്ല; അവരുടെ അന്തസ്സും പുനരധിവാസവും ഉറപ്പാക്കുന്ന നിർണായക നടപടി കൂടിയാണ്. വിവിധ ഉൽപ്പാദന-നിർമാണ പ്രവർത്തനങ്ങളിൽ അന്തേവാസികൾ നടത്തുന്ന കഠിനാധ്വാനത്തിന് കാലാനുസൃതമായ മൂല്യം നൽകേണ്ടത് അനിവാര്യമാണ്. ജയിൽ ചട്ടങ്ങൾ പ്രകാരം, ജയിൽ അന്തേവാസികൾക്ക് ലഭിക്കുന്ന വേതനം കുടുംബത്തിന്റെ ആവശ്യങ്ങൾക്കായും, ജയിലിലെ കാന്റീൻ ആവശ്യങ്ങൾക്കും, മോചനവിഹിതമായും വിനിയോഗിക്കേണ്ടതാണ്. വേതനവർധനവ് കുടുംബത്തോടുള്ള ഉത്തരവാദിത്തം നിറവേറ്റുന്നതിനും, അധ്വാനത്തിന് മൂല്യമുണ്ടെന്ന ബോധം വളർത്തുന്നതിനും ഉതകുന്നതോടൊപ്പം, മോചനാനന്തരമുള്ള സാമ്പത്തികപിന്തുണ ഉറപ്പാക്കുന്നതിലൂടെ വീണ്ടും കുറ്റകൃത്യങ്ങളിലേക്ക് വഴുതിപ്പോകാതെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് മടങ്ങിവരുന്നതിന് അന്തേവാസികൾക്ക് സഹായകമാകുന്നതുമാണ്.

5. ഈ വസ്തുതകളും നിലവിലെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങളും അന്തേവാസികളുടെ സുരക്ഷ, തെറ്റു തിരുത്തൽ, മാനസികപരിവർത്തനം, പുനരധിവാസം എന്നിവ യാഥാർത്ഥ്യമാക്കി അവരെ സ്വയംപര്യാപ്തരായി സമൂഹത്തിലേക്ക് മടക്കി അയയ്ക്കുക എന്ന ജയിൽ വകുപ്പിന്റെ ദൗത്യവും മുൻനിർത്തി, സ്കിൽഡ്, സെമി-സ്കിൽഡ്, അൺ-സ്കിൽഡ് എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി സംസ്ഥാനത്തെ എല്ലാ ജയിലുകളിലെയും വേതന ഘടന ഏകീകരിച്ച്, വേതനം ചുവടെച്ചേർക്കും പ്രകാരം പരിഷ്കരിച്ച് ഉത്തരവാകുന്നു:

| സ്കിൽഡ് | സെമി സ്കിൽഡ് | അൺ സ്കിൽഡ് |
|---|---|---|
| രൂ.620/- | രൂ.560/- | രൂ.530/- |

6. നിലവിൽ അധിക വേതനം ലഭിച്ചു വരുന്നുവെന്ന കാര്യം പരിഗണിച്ച്, നെട്ടുകാൽത്തേരി, ചീമേനി തുറന്ന ജയിലുകളിൽ പരമ്പരാഗതമായി നടത്തിവരുന്ന റബ്ബർ ടാപ്പിംഗ്, കല്ല് വെട്ട് തുടങ്ങിയ ജോലികളിൽ ഏർപ്പെടുന്ന അന്തേവാസികൾക്ക്, വാർഷിക ഉൽപ്പാദനത്തെ അടിസ്ഥാനപ്പെടുത്തി ഓണക്കാലത്ത് സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ ഒരു ഇൻസെന്റീവ് കൂടി അതത് വർഷം സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്, തിരുവനന്തപുരം.
എല്ലാ ജയിൽ സൂപ്രണ്ടുമാർക്കും ( ജയിൽ വകുപ്പ് മേധാവി മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ, ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം നം. 3526 പ്രകാരം).
ധനകാര്യവകുപ്പ്.
ഇൻഫർമേഷൻ ഓഫീസർ,ഐ.&പി.ആർ.ഡി, വെബ് & ന്യൂ മീഡിയ വകുപ്പ് (ഔദ്യോഗിക

വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
Amina B
Date: 09-01-2026 21:59:48

സെക്ഷൻ ഓഫീസർ